REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 24-11-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയ പരിധി വൈകീട്ട് അവസാനിക്കും.
- രാജ്യത്തിന്റെ 53-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് സൂര്യകാന്ത് രാവിലെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.
- ജോനാസ്ബർഗ് G-20 ഉച്ചകോടിയുടെ വിജയകരമായ പൂർത്തീകരണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സംതൃപ്തി അറിയിച്ചു.
- ഇന്ത്യൻ നാവിക സേനയുടെ പുതിയ അന്തർ വാഹിനി വേധ യുദ്ധക്കപ്പലായ INS മാഹെ, മുംബൈ ഡോക്യാർഡിൽ കമ്മീഷൻ ചെയ്തു.
- ഗോഹട്ടിയിൽ ദക്ഷിണാഫ്രിക്കക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ബാറ്റിംഗ് തകർച്ച._

## വാർത്തകൾ വിശദമായി

സംസ്ഥാന തദ്ദേശ തെരഞ്ഞെടുപ്പിൽ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി വൈകിട്ട് അവസാനിക്കും. പത്രിക പിൻവലിക്കാൻ ഉച്ച കഴിഞ്ഞ് മൂന്ന് വരെ അപേക്ഷ നൽകാം. പത്രിക പിൻവലിക്കൽ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ സ്ഥാനാർത്ഥി ചിത്രം വ്യക്തമാകും.

ശനിയാഴ്ച സൂക്ഷ്മ പരിശോധന പൂർത്തിയായപ്പോൾ ഒരു ലക്ഷത്തി 7,211 സ്ഥാനാർത്ഥികളുടെ, ഒരു ലക്ഷത്തി 54,547 പത്രികകൾ സാധുവായി കണ്ടെത്തിയിരുന്നു.

തദ്ദേശ തിരഞ്ഞെടുപ്പിൽ പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലനം നാളെ തുടങ്ങും. 28 വരെയാണ് പരിശീലനം. തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് വിതരണം മറ്റന്നാൾ ആരംഭിക്കും.

✪✪✪

രാജ്യത്തിന്റെ 53-ാമത് ചീഫ് ജസ്റ്റിസായി, ജസ്റ്റിസ് സൂര്യകാന്ത് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. രാഷ്ട്രപതി ഭവനിലെ ചടങ്ങിൽ രാഷ്ട്രപതി ദ്രൗപതി മുർമു അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. ഇന്നലെ വിരമിച്ച ജസ്റ്റിസ് BR ഗവായിക്കു പകരമാണ് അദ്ദേഹത്തിന്റെ നിയമനം. 2027 ഫെബ്രുവരി ഒൻപതു വരെ 15 മാസത്തോളമാണ് ജസ്റ്റിസ് സൂര്യകാന്തിന്റെ നിയമന കാലാവധി. ചടങ്ങിനുശേഷം അദ്ദേഹം ഔദ്യോഗിക ചുമതലയേൽക്കാൻ സുപ്രീംകോടതിയിലെത്തി. കോടതിവളപ്പിലെ മഹാത്മജിയുടെയും, BR അംബേദ്കറുടെയും പ്രതിമകളിൽ അദ്ദേഹം പുഷ്പങ്ങളർപ്പിച്ചു.

ചീഫ് ജസ്റ്റിസ് സ്ഥാനമേറ്റ ജസ്റ്റിസ് സൂര്യകാന്തിനെ അഭിനന്ദിച്ച പ്രധാനമന്ത്രി നരേന്ദ്രമോദി, സാമൂഹിക മാധ്യമത്തിൽ അദ്ദേഹത്തിന് എല്ലാ ആശംസകളും നേർന്നു.

✪✪✪

ഗുരു തേജ് ബഹാദൂറിന്റെ 350-ാം രക്തസാക്ഷിത്വ ദിനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു ശ്രദ്ധാഞ്ജലിയർപ്പിച്ചു. മതത്തിന്റെയും, നീതിയുടെയും, ദൃഢതയുടെയും പാതയിൽ സഞ്ചരിക്കുകയെന്ന തേജ് ബഹാദൂറിന്റെ സന്ദേശം മനുഷ്യരാശിയ്ക്ക് പ്രചോദനമാണെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ജോനാസ്ബർഗ് G-20 ഉച്ചകോടിയുടെ വിജയകരമായ പൂർത്തീകരണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സംതൃപ്തി അറിയിച്ചു. സുസ്ഥിരതയും, ഐശ്വര്യവും നിറഞ്ഞ ലോക സൃഷ്ടിയ്ക്ക് ഉച്ചകോടി വഴിയൊരുക്കുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമ പോസ്റ്റിൽ കുറിച്ചു. ഉച്ചകോടിയുടെ സംഘാടനത്തിൽ ദക്ഷിണാഫ്രിക്കയെയും, പ്രസിഡന്റ് സിറിൽ രാമഫോസയെയും നരേന്ദ്രമോദി അഭിനന്ദിച്ചു. ഉച്ചകോടിയ്ക്കിടയിലെ ചർച്ചകളും, കൂടിക്കാഴ്ചകളും ഇന്ത്യയുടെ ഉഭയകക്ഷി ബന്ധങ്ങളെ കൂടുതൽ ആഴത്തിലാക്കിയതായി അദ്ദേഹം കുറിച്ചു.

ഇന്ന് രാവിലെയാണ് രണ്ടു ദിവസത്തെ ഉച്ചകോടിയ്ക്കു ശേഷം പ്രധാനമന്ത്രി ഡൽഹിയിൽ തിരിച്ചെത്തിയത്. ഫ്രഞ്ച് പ്രസിഡണ്ട് ഇമാനുവൽ മാക്രോൺ, ജർമ്മൻ ചാൻസലർ ഫ്രെഡറിക് മേഴ്സ്, WTO ഡയറക്ടർ ജനറൽ നോസി ഒകൻജോ ഐവീല, എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലി, IMF

മേധാവി ക്രിസ്റ്റലീന ജോർജീവ, ഇറ്റാലിയൻ പ്രധാനമന്ത്രി ഗ്ലോറിയ മെലോണി തുടങ്ങിയവരടക്കം നേതാക്കളുമായി നരേന്ദ്രമോദി ചർച്ച നടത്തി. ഉച്ചകോടിയുടെ മൂന്ന് സെഷനുകളിലും പ്രധാനമന്ത്രി പങ്കെടുത്തു. നിർമ്മിത ബുദ്ധിയുടെ ഗുണഫലങ്ങൾ എല്ലാ ജനങ്ങളിലേക്കും എത്തിച്ചേരണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു. അടുത്ത ഫെബ്രുവരിയിലെ നിർമ്മിതബുദ്ധി ഇംപാക്ട് ഉച്ചകോടിയിൽ, ആഗോള നേതാക്കളെ വരവേൽക്കാൻ ഇന്ത്യ തയ്യാറെടുക്കുകയാണെന്നും നരേന്ദ്രമോദി പോസ്റ്റിൽ അറിയിച്ചു.

✪✪✪

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ഈ സാമ്പത്തിക വർഷം 6.5 ശതമാനം വളർച്ച കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. ആഭ്യന്തര ആവശ്യം, സമീപകാലത്തെ നികുതി വെട്ടിക്കുറയ്ക്കൽ, പുതിയ പണനയ പ്രഖ്യാപനം എന്നിവ മൂലമാണ് വളർച്ചാ നിരക്ക് കൂടുന്നത്. അടുത്ത സാമ്പത്തിക വർഷം വളർച്ചാ നിരക്ക് 6.7 ശതമാനമായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

അയോധ്യ രാമജന്മഭൂമി ക്ഷേത്രത്തിലെ ധ്വജാ രോഹണ ചടങ്ങ് നാളെ നടത്തും. ക്ഷേത്ര നഗരിയിൽ അവസാന ഒരുക്കങ്ങൾ പുരോഗമിക്കുകയാണ്. നാളത്തെ ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അടക്കം പ്രമുഖർ പങ്കെടുക്കും. ക്ഷേത്ര നിർമ്മാണം പൂർത്തിയായതിന്റെ കൂടി ഭാഗമായാണ് ചടങ്ങ്. പ്രധാനമന്ത്രി അയോധ്യാ നഗരത്തിൽ റോഡ് ഷോയും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

2020 ലെ വടക്കു കിഴക്കൻ ഡൽഹി കലാപത്തിന് പിന്നിലെ ഗൂഢാലോചന കേസിൽ സുപ്രീം കോടതിയിൽ ഇന്നും വാദം തുടരും. UAPA പ്രകാരം കേസിൽ പ്രതികളായ ഷർജിൽ ഇമാം, ഉമർ ഖാലിദ്, മീരാൻ ഹൈൽഡർ, ഗൾഫിഷ ഫാത്തിമ, ഷിഫാഉർ റഹ്മാൻ എന്നീ വിദ്യാർത്ഥി നേതാക്കളുടെ ജാമ്യാപേക്ഷയാണ് ഡിവിഷൻ ബെഞ്ച് പരിഗണിക്കുന്നത്.

✪✪✪

അന്താരാഷ്ട്ര കാർഷിക ശാസ്ത്ര കോൺഗ്രസ്സ് ഇന്ന് ന്യൂഡൽഹിയിൽ ആരംഭിക്കും. കേന്ദ്ര മന്ത്രി ശിവരാജ്സിങ് ചൗഹാൻ ഉദ്ഘാടനം ചെയ്യും. മൂന്നു ദിവസത്തെ കോൺഗ്രസ്സിൽ പ്ലീനറി സെഷൻ, സിമ്പോസിയം, പ്രഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനം, യുവ ശാസ്ത്രജ്ഞരുടെയും വിദ്യാർത്ഥികളുടെയും സമ്മേളനങ്ങൾ എന്നിവയുണ്ടാകും.

ആയിരത്തിലധികം ആഗോള പ്രതിനിധികളുടെ പങ്കാളിത്തം ഉണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും ലോകോത്തര ശാസ്ത്രീയ

പ്രഭാഷണങ്ങളുടെ വേദിയായി ശാസ്ത്ര കോൺഗ്രസ്സ് മാറുമെന്നും കൃഷി മന്ത്രാലയം അറിയിച്ചു. കാർഷിക സർവകലാശാല വൈസ് ചാൻസലർമാർ, വ്യവസായ പ്രതിനിധികൾ, പ്രമുഖ കാർഷിക - വാണിജ്യ സംരംഭകർ എന്നിവരടക്കം അന്താരാഷ്ട്ര വിദഗ്ധർ പങ്കെടുക്കും.

✪✪✪

56-ാമത് ഗോവ രാജ്യാന്തര ചലച്ചിത്ര മേളയിൽ ഇന്ന് ഇന്ത്യൻ പനോരമ വിഭാഗത്തിൽ തരുൺ മൂർത്തി സംവിധാനം ചെയ്ത മലയാള ചിത്രം 'തുടരും' പ്രദർശിപ്പിക്കും. കൂടാതെ അറബിക് ചിത്രം Where the wind comes from, ഫ്രഞ്ച് ചിത്രം Un timable തുടങ്ങിയവ ലോക സിനിമ വിഭാഗത്തിലും പ്രദർശിപ്പിക്കും. ഫരീദ ബക്വി സംവിധാനം ചെയ്ത അറബിക് ചിത്രം The visual feminist manifesto യും  ഇന്ന് പ്രദർശിപ്പിക്കും. ഇന്നലെ അനുപമ പരമേശ്വരൻ കേന്ദ്ര കഥാപാത്രമായി എത്തിയ തമിഴ് ചിത്രം lockdown ന് പ്രേക്ഷകരിൽ നിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

✪✪✪

ദേശീയ വനിതാ കമ്മീഷൻ സ്ത്രീകൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ നമ്പർ ഏർപ്പെടുത്തി. 14490 എന്ന നമ്പറിൽ വിളിച്ചാൽ ആപത്ഘട്ടങ്ങളിൽ രാജ്യത്തെവിടെയും വേഗത്തിൽ സഹായം ലഭ്യമാകും.

✪✪✪

കനത്ത മഴയിൽ ജലനിരപ്പ് ഉയരുന്നതിനെ തുടർന്ന് നെയ്യാർ ഡാമിൽ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചു. ഡാമിന്റെ നാലു ഷട്ടറുകളും 20 സെന്റിമീറ്റർ ഉയർത്തി. തീരവാസികൾ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

✪✪✪

ഗോഹട്ടി ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കക്കെതിരെ ഇന്ത്യയ്ക്ക് ബാറ്റിങ് തകർച്ച.  ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഒന്നാം ഇന്നിംഗ്സിൽ ഏഴ് വിക്കറ്റിന് ഇന്ത്യ 137 റൺസെടുത്തിട്ടുണ്ട്.

ദക്ഷിണാഫ്രിക്ക ആദ്യ ഇന്നിംഗ്സിൽ 489 റൺസെടുത്തിരുന്നു.

✪✪✪

ദക്ഷിണാഫ്രിക്കയ്ക്കെതിരായ മൂന്ന് മത്സര ഏകദിന പരമ്പരയുടെ ക്യാപ്റ്റനായി KL രാഹുലിനെ നിയമിച്ചു. കഴുത്തിന് പരിക്കേറ്റതിനെ തുടർന്ന് ശുഭ്മാൻ ഗിൽ മാറി നിന്നേക്കും. വിക്കറ്റ് കീപ്പർ ബാറ്റ്സ്മാൻ ഋഷഭ് പന്ത് വൈസ് ക്യാപ്റ്റനാകും. രോഹിത് ശർമയും വിരാട് കോഹ്ലിയും ഉൾപ്പെടെ താരങ്ങൾ ടീമിലുണ്ട്.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിൽ ഇന്ന് കലിക്കറ്റ് FC, മലപ്പുറം FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

കേരള സ്റ്റേറ്റ് സബ്ജൂനിയർ, ജൂനിയർ-സീനിയർ മാസ്റ്റേഴ്സ് പുരുഷ - വനിതാ ബെഞ്ച് പ്രസ് പവർ ലിഫ്റ്റിംഗ് ചാംപ്യൻഷിപ്പ് VK കൃഷ്ണമേനോൻ ഇൻഡോർ സ്റ്റേഡിയത്തിൽ ഈ മാസം 29 ന് ആരംഭിക്കും. മൂന്ന് ദിവസമാണ് മത്സരങ്ങൾ.

✪✪✪

ഗന്ധകശാല നെല്ല് കതിരണിഞ്ഞതോടെ വയനാട് പുൽപ്പള്ളി ചേകാടി വനഗ്രാമത്തിലേക്ക് സന്ദർശകരുടെ തിരക്കേറി.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്......

.......(വോയ്സ്)........

✪✪✪

ശബരിമല സ്വർണപ്പാളി കേസിലെ പ്രതി മുൻ തിരുവാഭരണ കമ്മീഷണർ KS ബൈജുവിന്റെ ജാമ്യാപേക്ഷ കൊല്ലം വിജിലൻസ് കോടതി ഇന്ന് പരിഗണിക്കും. ഉത്തരവാദിത്വമുണ്ടായിരുന്ന ഉന്നത ഉദ്യോഗസ്ഥൻ എന്ന നിലയിൽ ജാഗ്രത പുലർത്തിയില്ല, ദ്വാരപാലക ശില്പങ്ങൾ കൊടുത്തു വിടുന്ന സമയത്തെ വിവാദ ഉത്തരവിൽ ഒപ്പിട്ടു എന്നിവയാണ് കേസിന് ആധാരം.

കഴിഞ്ഞ ആഴ്ച അറസ്റ്റിലായ മുൻ MLA യും ദേവസ്വം ബോർഡ് പ്രസിഡന്റുമായിരുന്ന A പത്മകുമാറിന്റെ കസ്റ്റഡി അപേക്ഷ, ആന്വേഷണ സംഘം ഇന്ന് വിജിലൻസ് കോടതിയിൽ സമർപ്പിക്കും.

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജിന് അവസരം ലഭിക്കുന്ന തീർഥാടകർക്ക് യാത്രാ തീയതിയും വിമാനവും സ്വന്തം നിലയിൽ ഓൺലൈനിൽ ബുക്ക് ചെയ്യാനും E-ടിക്കറ്റ് ലഭ്യമാക്കാനും കേന്ദ്ര ഹജ്ജ് കമ്മിറ്റി അനുമതി നൽകി. മുംബൈയിലെ ഹജ്ജ് കമ്മിറ്റി ഓഫീസിൽ എല്ലാ സംസ്ഥാനങ്ങളിലെയും ഹജ്ജ് ഓഫീസർമാരുടെ യോഗത്തിലാണ് തീരുമാനം.

✪✪✪

രചനാ മത്സരങ്ങളോടെ കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന് കൊയിലാണ്ടിയിൽ തുടക്കമായി. സ്റ്റേജ് മത്സരങ്ങൾ

**നാളെ രാവിലെ ആരംഭിക്കും. 17 ഉപജില്ലകളിലെ 1,100 ഓളം വിദ്യാർത്ഥികൾ കലോത്സവത്തിൽ പങ്കെടുക്കും.**

✪✪✪

**സ്വർണ്ണവില കുറഞ്ഞു. പവന് 520 രൂപ താഴ്ന്ന് 91,760 രൂപയായി. ഗ്രാമിന് 11,470 രൂപയാണ് ഇന്നത്തെ വില.**

✪✪✪

**വയനാട് പുൽപ്പള്ളി ചെറ്റപ്പാലത്ത് രാവിലെ കാറും ഓട്ടോയും കൂട്ടിയിടിച്ച് ഓട്ടോ ഡ്രൈവർ മരിച്ചു. തളിയ പറമ്പിൽ റോയിയാണ് മരിച്ചത്.**

✪✪✪

**PM ശ്രീ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം പട്ടം കേന്ദ്രീയ വിദ്യാലയത്തിൽ നിർമ്മിച്ച പുതിയ വൊക്കേഷണൽ ലാബ്, എറണാകുളം KVS മേഖല ഓഫീസ് ഡെപ്യൂട്ടി കമ്മീഷണർ N സന്തോഷ് കുമാർ ഉദ്ഘാടനം ചെയ്തു.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRT: അനിൽ ചന്ദ്രൻ*
*DEO : ഷീബ*